## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6478 9/07/2014-ൽ മറുപടിക്ക്

# ചെറായി 110 കെ. വി. സബ് സ്റ്റേഷനുവേണ്ടി ഇലക്ട്രിക് ലൈൻ വലിക്കുന്നത് സംബന്ധിച്ചുള്ള പരാതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ചെറായി 110 കെ. വി. സബ് സ്റ്റേഷനുവേണ്ടി ഇലക്ട്രിക് ലൈൻ വലിക്കുന്നത് സംബന്ധിച്ചുള്ള പരാതികളിൽ എറണാകുളം എ.ഡി.എം. അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) അഡ്വക്കേറ്റ് കമ്മീഷനെ 12.04.2013-ൽ നിയമിച്ചിട്ടുണ്ട്. |
| (ബി) കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് തീയതി സഹിതം വ്യക്തമാക്കുമോ; | (ബി) 22.06.2013 ൽ അഡ്വക്കേറ്റ് കമ്മീഷൻ ഒറിജിനൽ റൂട്ട് മുഴുവനായിതന്നെ പരിശോധന നടത്തുകയുണ്ടായി. എന്നാൽ 27.06.2013 ൽ ബദൽ റൂട്ടിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഇൻസ്പെക്ഷൻ എതിർകക്ഷികളുടെ എതിർപ്പിനെത്തുടർന്ന് പൂർത്തിയാക്കാൻ കമ്മീഷന് സാധിച്ചില്ല. തുടർന്ന് 18.07.2013 ൽ എ.ഡി.എം മുൻപാകെയുള്ള കേസുകളിൽ വിചാരണ നടത്തുകയും രണ്ടു റൂട്ടുകളിലും ഉള്ള വൃക്ഷങ്ങളും കെട്ടിടങ്ങളും അടയാളപ്പെടുത്തി കമ്മീഷനു നൽകാൻ കെ.എസ്.ഇ.ബി.യോടു നിർദ്ദേശിക്കുകയും ചെയ്തു. 23.07.2013 ൽ രണ്ട് റൂട്ടുകളും പരിശോധിച്ച് റിപ്പോർട്ട് നൽകുവാനും ഉത്തരവായിട്ടുണ്ട്. 11.11.2013 ൽ രണ്ട് റൂട്ടുകളിലേയും സർവ്വേ വിവരങ്ങൾ കെ.എസ്.ഇ.ബി കമ്മീഷന് നൽകുകയും ഇൻസ്പെക്ഷൻ ഉടൻ നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് 14.12.2013, 17.12.2013, 19.06.2014 എന്നീ ദിവസങ്ങളിലായി ബദൽ റൂട്ടിന്റെ ബഹുഭൂരിഭാഗവും ഇൻസ്പെക്ഷൻ പൂർത്തിയാക്കി. ശേഷിക്കുന്ന |

(....2)

| | |
|---|---|
| | ഭാഗത്തിന്റെ ഇൻസ്പെക്ഷൻ 06.07.2014, 11.07.2014 എന്നീ ദിവസങ്ങളിൽ നടത്തണമെന്ന് അറിയിച്ചിട്ടുണ്ട്. |
| (സി) കമ്മീഷൻ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള റൂട്ട് ഇൻസ്പെക്ഷൻ പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (സി) റൂട്ട് ഇൻസ്പെക്ഷൻ ഭൂരിഭാഗവും പൂർത്തിയായിട്ടുണ്ട്. എതിർകക്ഷികളുടെ എതിർപ്പ് മൂലമാണ് ഇൻസ്പെക്ഷൻ തടസ്സപ്പെടുന്നത്. 06.07,2014, 11.07.2014 എന്നീ ദിവസങ്ങളിൽ ശേഷിക്കുന്ന ഇൻസ്പെക്ഷൻ നടത്തണമെന്ന് അറിയിച്ചിട്ടുണ്ട്. |
| (ഡി) കേസ് അനിശ്ചിതമായി നീണ്ടുപോകുന്നതു മൂലം പദ്ധതിച്ചെലവ് വർദ്ധിക്കുന്നതിനുള്ള സാഹചര്യം കണക്കിലെടുത്ത് തുടർ നടപടികൾ വേഗത്തിലാക്കുന്നതിന് സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ? | (ഡി) ഇൻസ്പെക്ഷൻ നീണ്ടു പോകുന്നതു മൂലമുള്ള ബുദ്ധിമുട്ടും സാമ്പത്തിക നഷ്ടവും കാണിച്ച് എ.ഡി.എമ്മിന് കത്ത് നൽകിയിട്ടുണ്ട്. എ.ഡി.എം മുൻപാകെയുള്ള പരാതികളിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ